പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2088 26-10-2026-ൽ മറുപടിയ്ക്ക്

പന്തീരങ്കാവ്, കെട്ടാങ്ങൽ എന്നിവിടങ്ങളിലെ സപ്ലൈകോ വിതരണ കേന്ദ്രം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	മറുപടി നൽകിയ മന്ത്രി
ശ്രീ. എം. എ. റസാഖ് മാസ്റ്റർ	ശ്രീ. അനുപ് ജേക്കബ് (ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിലെ ഒളവണ്ണ പഞ്ചായത്തിലെ പന്തീരങ്കാവ്, ചാത്തമൂല പഞ്ചായത്തിലെ കെട്ടാങ്ങൽ എന്നിവിടങ്ങളിൽ പ്രവർത്തിച്ചിരുന്ന സപ്ലൈകോ പൊതുവിതരണ കേന്ദ്രം കഴിഞ്ഞ സർക്കാറിന്റെ കാലത്ത് പൂട്ടിയിട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

മറുപടി: ഒളവണ്ണ പഞ്ചായത്തിലെ പന്തീരങ്കാവ് സൂപ്പർ മാർക്കറ്റ്, ചാത്തമംഗലം പഞ്ചായത്തിലെ കട്ടാങ്ങൽ സൂപ്പർ മാർക്കറ്റ് എന്നിവ പ്രവർത്തിച്ചിരുന്ന കെട്ടിടങ്ങളുടെ ഉടമകൾ നൽകിയ കേസിന്മേലുള്ള കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ ടി വില്പനശാലകളുടെ പ്രവർത്തനം താൽക്കാലികമായി അവസാനിപ്പിച്ചിട്ടുണ്ട്.

(ബി) സാധാരണക്കാരും പാവപ്പെട്ടവരുമായ നിരവധി കുടുംബങ്ങൾ നിത്യോപയോഗ സാധനങ്ങൾക്കായി ആശ്രയിച്ചിരുന്ന പ്രസ്തുത വിതരണ കേന്ദ്രങ്ങൾ അടച്ചു പൂട്ടിയത് മൂലം പ്രദേശവാസികൾ അനുഭവിക്കുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

മറുപടി: ടി വിൽപ്പനശാലകൾ അടച്ചു പൂട്ടിയതുമൂലം പൊതുജനത്തിനുണ്ടായ പ്രയാസം ഒഴിവാക്കുവാൻ ആയവ പുന:രാരംഭിക്കുവാൻ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെയും ജനപ്രതിനിധികളുടേയും സഹകരണത്തോടെ പുതിയ കെട്ടിടങ്ങൾക്കായി ശ്രമിച്ചുവെങ്കിലും ലഭ്യമായിട്ടില്ല. കെട്ടിടം ലഭ്യമായാൽ ഉടൻ വിൽപ്പനശാല പുനഃരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പ്രസ്തുത സപ്ലൈകോ വിതരണ കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തനം പുനരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

മറുപടി: പ്രസ്തുത സപ്ലൈകോ വിതരണ കേന്ദ്രങ്ങൾ തുറന്ന് പ്രവർത്തനം പുനഃരാരംഭിക്കണമെന്ന് ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രിക്ക് സമർപ്പിച്ച നിവേദനത്തിന്റെ അടിസ്ഥാനത്തിൽ അനുയോജ്യമായ കെട്ടിടങ്ങൾക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടേയും ജനപ്രതിനിധികളുടേയും സഹകരണത്തോടെ പുതിയ

കെട്ടിടങ്ങൾക്കായി ശ്രമിച്ചുവെങ്കിലും ലഭ്യമായിട്ടില്ല. കെട്ടിടം ലഭ്യമായാൽ ഉടൻ വിൽപ്പനശാല പുനഃരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) പൊതുജനങ്ങൾക്ക് അടിയന്തര ആശ്വാസം ലഭ്യമാക്കുന്നതിനായി പ്രസ്തുത വിതരണ കേന്ദ്രങ്ങൾ വീണ്ടും പ്രവർത്തനക്ഷമമാക്കാൻ വേഗത്തിൽ അനുമതി നൽകുമോ എന്ന് വിശദമാക്കാമോ?

മറുപടി: ടി വിൽപ്പനശാലകൾ പുനഃരാരംഭിക്കുന്നതിന് അനുയോജ്യമായ കെട്ടിടം ലഭ്യമായാൽ ഉടൻ പ്രവർത്തനം തുടങ്ങുന്നതാണ്.

സെക്ഷൻ ഓഫീസർ